# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 04 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### പുണ്യം പൂങ്കാവനത്തിന്റെ ഭാഗമാകാൻ ചെക്ക് റിപ്പബ്ലിക്കിൽ നിന്നുള്ള സ്വാമിമാരും

ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി ചെക്ക് റിപ്പബ്ലിക്കിൽ നിന്നുള്ള സ്വാമിമാരും. സന്നിധാനത്തെ സ്റ്റാഫ് ഗേറ്റിനു സമീപത്തും ,വാവർ സാമി നടയ്ക്കു മുൻവശത്തും ശരണം വിളിയുടെ അകമ്പടിയോടെ ശുചീകരണ പ്രവർത്തനം
നടത്തിയ 36 അംഗ സംഘം പുണ്യം പൂങ്കാവനം പ്രവർത്തനങ്ങളുടെ ഭാഗമാകാൻ കഴിഞ്ഞതിന്റെ സന്തോഷം പങ്കുവച്ചു.

പുണ്യം പൂങ്കാവനം കോ ഓർഡിനേറ്റർ വി. അനിൽകുമാർ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അംബാ ശങ്കർ സ്വാമി, രംഗനാഥൻ സ്വാമി എന്നിവരും പുണ്യം പൂങ്കാവനം പ്രവർത്തകരും ശുചീകരണ പരിപാടിയുടെ ഭാഗമായി.

(പി.ആർ. ശബരി-288)

### അയ്യനെ കണ്ടു തൊഴാൻ ചെക് റിപ്പബ്ലിക്കിൽ നിന്നുള്ള സംഘം സന്നിധാനത്ത്

കാനനവാസനെ കണ്ടു തൊഴാൻ ചെക് റിപ്പബ്ലിക്കിൽ നിന്നുള്ള 36 അംഗ സംഘം

സന്നിധാനത്ത് എത്തി. തോമസ് പൈഫര്‍ എന്ന അയ്യപ്പന്റെ നേതൃത്വത്തില്‍ 22 മാളികപ്പുറങ്ങളും 14 അയ്യപ്പന്മാരുമാണ് സംഘത്തില്‍ ഉണ്ടായിരുന്നത്. രാവിലെ എട്ടുമണിയോടെ ഇരുമുടിക്കെട്ടേന്തി പതിനെട്ടാം പടി ചവിട്ടി അയപ്പദര്‍ശനം നടത്തിയ ശേഷം മാളികപ്പുറത്ത് എത്തിയപ്പോള്‍ മാളികപ്പുറം മേല്‍ശാന്തി എം എസ് പരമേശ്വരന്‍ നമ്പൂതിരി പ്രസാദം നല്‍കി സ്വീകരിച്ചു. ഡിസംബര്‍ 26 ന് ചെന്നൈയില്‍ എത്തിയ സംഘം മഹാബലിപുരം, ചിദംബരം, തഞ്ചാവൂ ര്‍, തിരുവണ്ണാമല ,കുംഭകോണം, തിരുച്ചി,പഴനി,സതുരഗിരി, രാമേശ്വരം മധുര, തിരുനെല്ലാര്‍ തുടങ്ങി തമിഴ്നാട്ടിലെ വിവിധ ക്ഷേത്രങ്ങളില്‍ ദര്‍ശനം നടത്തിയ ശേഷമാണ് ശബരിമലയില്‍ എത്തിയത്.തോമസ് പൈഫര്‍സ്വാമി രണ്ടാം തവണയാണ് സന്നിധാനത്ത് എത്തുന്നത്. വരും വര്‍ഷങ്ങളിലും ശബരീശ ദര്‍ശനം നടത്താന്‍ ആഗ്രഹമുണ്ടന്ന് ഇവര്‍ പറഞ്ഞു. ചിദംബരം സ്വദേശി പഴനി സ്വാമിയാണ് സംഘത്തെ നയിക്കുന്നത്.

(പി.ആര്‍. ശബരി–289)

## പമ്പയില്‍ സുരക്ഷ സ്ട്രോംഗാണ്

ഫുട്ബോള്‍ കളില്‍ ഗോള്‍ കയറുന്നത് തടയാന്‍ മാത്രമല്ല പമ്പയില്‍ നിന്നുള്ള അയ്യപ്പന്മാരുടെ സുരക്ഷയൊരുക്കാനും ആന്‍സന് അറിയാം.
പമ്പയില്‍ യു ടേണ്‍ മുതല്‍ ത്രിവേണി വരെയുള്ള ട്രാഫിക് സുരക്ഷാ ചുമതല വഹിക്കുന്നത് ഇന്ത്യന്‍ ഫുട്ബോള്‍ ടീമംഗമായിരുന്ന കെ എ അന്‍സനാണ്. 1997–99 വര്‍ഷത്തില്‍ ഇന്ത്യന്‍ ഫുട്ബോള്‍ ടീമംഗവും ദീര്‍ഘകാലം കേരളാ പോലീസ് ടീമില്‍ അംഗവുമായിരുന്നു.

ഇന്ത്യന്‍ ഫുട്ബോള്‍ പാരമ്പര്യത്തിന് കരുത്തുപകര്‍ന്ന കേരള പോലീസ്ഫുട്ബോള്‍ ടീമാണ് ഒരുകാലത്ത് രാജ്യത്തെ പ്രമുഖ ടൂര്‍ണമെന്റായിരുന്ന ഫെഡറേഷന്‍ കപ്പ് ആദ്യമായി കേരളത്തിലെത്തിച്ചത്. 1990 ഏപ്രില്‍ 29–ന് തൃശ്ശൂര്‍ മുനിസിപ്പല്‍ സ്റ്റേഡിയത്തിലെ ഗാലറിയില്‍ തിങ്ങിനിറഞ്ഞ ആയിരങ്ങളെ സാക്ഷിയാക്കി കേരള പോലീസ് ആദ്യമായി കപ്പ് സ്വന്തമാക്കി. തൊട്ടടുത്തവര്‍ഷം കണ്ണൂരില്‍ പോലീസ് വിജയമാവര്‍ത്തിച്ചു.രണ്ടു തവണയും ടീമിന്റെ മുഖ്യ താരങ്ങളില്‍ ഒരാളായിരുന്നു പ്രതിരോധ താരമായിരുന്ന ആന്‍സന്‍.

കെ.ടി. ചാക്കോ, മെഹ്ബൂബ്, പ്രതിരോധത്തില്‍ ബാബുരാജ്,, വി.പി സത്യന്‍, കുരികേശ് മാത്യു അലക്സ് എബ്രഹാം, ഷറഫലി, ജാബിര്‍ , തോബിയാസ്, രാജേന്ദ്രന്‍ കലാധരന്‍, തോമസ്, സന്തോഷ്, സക്കീര്‍, പാപ്പച്ചന്‍, ലിസ്റ്റണ്‍, ഹബീബ് റഹ്മാന്‍, ഐ.എം. വിജയന്‍,കുരുകേശ് മാത്യു
തുടങ്ങിയ സ്വപ്നതുല്യമായ ടീമിലെ അംഗമായിരുന്നു. കേരളാ പോലീസ് ടീം കോച്ചായിരുന്ന ആന്‍സന്‍ ഇപ്പോള്‍ കെ എ പി 2ല്‍ ഇന്‍സ്പെക്ടറായി ജോലിചെയ്യുകയാണ്. ആറാം തവണയാണ് ശബരിമലയില്‍ സുരക്ഷാ ജോലിക്കായി എത്തുന്നത്.

(പി.ആര്‍. ശബരി–290)

## അയ്യപ്പന്റെ തിരുനടയില്‍ പുല്ലാങ്കുഴല്‍ വിസ്മയം തീര്‍ത്ത് രാജേഷ് ചേര്‍ത്തല

'ശബരിമലയില്‍ തങ്ക സൂര്യോദയം' എന്ന ഗാനം അയ്യപ്പന്റെ തിരുനടയില്‍ പുല്ലാങ്കുഴലിലൂടെ വായിക്കുമ്പോള്‍ രാജേഷ് ചേര്‍ത്തല എന്ന പുല്ലാങ്കുഴല്‍ കലാകാരന്റെ കണ്ണുകള്‍ നിറയുന്നുണ്ടായിരുന്നു. കഴിഞ്ഞ നാല് വര്‍ഷമായി സന്നിധാനത്തെ മുഖ്യമണ്ഡപത്തില്‍

പരിപാടി അവതരിപ്പിക്കാറുണ്ടെങ്കിലും തിരുനടയിൽ അവതരിപ്പിക്കാൻ അവസരം കിട്ടുന്നത് ഇതാദ്യം. 'ആ ദിവ്യനാമം അയ്യപ്പാ, എൻ മനം പൊന്നമ്പലം,' തുടങ്ങിയ ഗാനങ്ങളും പുല്ലാങ്കുഴലിൽ വായിച്ച് ശബരിമല മേൽശാന്തി എ.കെ സുധീർ നമ്പൂതിരിയിൽ യിൽ നിന്ന് ഉപഹാരവും സ്വീകരിച്ചാണ് രാജേഷ് മടങ്ങിയത്.

(പി.ആർ. ശബരി-291)

.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 04 | 2020 |
|---|---|---|

## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### സന്നിധാനത്ത്  ഭക്തജന തിരക്കേറി

മകരവിളക്കിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേ സന്നിധാനത്ത് വൻ ഭക്തജന തിരക്ക്. ശരംകുത്തിയും പിന്നിട്ട് മരക്കൂട്ടത്തിന് സമീപം വരെ ഇന്ന് ക്യൂ നീണ്ടു. മണ്ഡലകാലത്തെ പോലെ തന്നെ തമിഴ്നാട്, കർണാടക, ആന്ധ്ര, തെലങ്കാന സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്തരാണ് കൂടുതലായി എത്തുന്നത്. നെയ്യഭിഷേകത്തിനും വലിയ തിരക്കാണനുഭവപ്പെടുന്നത്. മകരവിളക്കിനോട് അനുബന്ധിച്ച് ഉണ്ടായേക്കാവുന്ന തിരക്ക് കണക്കിലെടുത്ത് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

തിരക്ക് നിയന്ത്രിച്ച്, ശബരിമലയിൽ എത്തുന്ന മുഴുവൻ ഭക്തജനങ്ങൾക്കും ദർശനം ഒരുക്കുന്നതിന് പോലീസ് സുസജ്ജമാണന്ന് സന്നിധാനം സ്പെഷ്യൽ ഓഫീസർ എസ് സുജിത് ദാസ് പറഞ്ഞു. ദർശനം നടത്തിയ ഭക്തർ സന്നിധാനത്ത് തങ്ങാതെ പമ്പയിലേക്ക് തിരികെ വേഗത്തിൽ  മടങ്ങി സഹകരിക്കണമെന്ന് വിവിധ ഭാഷകളിൽ ഉച്ചഭാഷിണിയിലൂടെ ഭക്തജനങ്ങളെ അറിയിക്കുന്നുമുണ്ട്. വൈകിട്ട് ഏഴ് മണിവരെ 58,578 പേർ മലചിവിട്ടിയതായാണ് കണക്ക്. പമ്പ വഴി ശബരിമലയിലെത്തിയവരുടെ കണക്കാണിത്. വരും ദിവസങ്ങളിലും ഭക്തജനങ്ങളുടെ ഒഴുക്ക് വർധിക്കും എന്നാണ് കണക്ക് കൂട്ടുന്നത്.

(പി.ആർ. ശബരി-292)

## ഭജൻ അവതരിപ്പിച്ചു

ബോഡി നായ്ക്കന്നൂർ ദണ്ഡപാണി സ്വാമി അയ്യപ്പഭക്തസംഘം സന്നിധാനത്തെ മുഖ്യമണ്ഡപത്തിൽ ഭജന അവതരിപ്പിച്ചു.തമിഴ്നാട് തേനി ജില്ലയിലെ അയ്യപ്പഭക്തസംഘമാണ് ബോഡി നായ്ക്കന്നൂർ ദണ്ഡപാണി സ്വാമി അയ്യപ്പഭക്തസംഘം. ഗുരുസ്വാമി പവൻ ദാസിന്റെ നേതൃത്വത്തിൽ 86 പേരടങ്ങുന്ന സംഘമാണ് ഭജന അവതരിപ്പിച്ചത്.

(പി.ആർ. ശബരി–293)

.

## ശബരിമല നാളത്തെ (05-01-2020) ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.15 മുതൽ 7 മണി വരെ നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
7.30 ന് ഉഷപൂജ
8 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും
11.45ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ കഴിഞ്ഞ്
1 മണിക്ക് നട അടയ്ക്കും
വൈകുന്നേരം 4 മണി തിരുനട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | | |
|---|---|---|
| ജനുവരി | | |
| JANUARY | 04 | 2020 |



## ശബരിമല പത്രക്കുറിപ്പ്-3


ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

### വേസ്റ്റ് ബിൻ വിതരണം ചെയ്തു

സന്നിധാനത്തെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി പുണ്യം പൂങ്കാവനത്തിന്റെ നേതൃത്വത്തിൽ വേസ്റ്റ് ബിൻ വിതരണം നടത്തി. പുണ്യം പൂങ്കാവനം സന്നിധാനം കോ ഓർഡിനേറ്റർ വി അനിൽകുമാർ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ വി എസ് രാജേന്ദ്രപ്രസാദിന് ബിന്നുകൾ കൈമാറി. പുണ്യം പൂങ്കാവനം ഇരുനൂറ് ഇരുമ്പ് ബിന്നുകളാണ് സന്നിധാനത്ത് വിതരണം ചെയ്യുക. ആദ്യഘട്ടമായെത്തിയ അൻപത് ബിന്നുകളാണ് ദേവസ്വം ബോർഡിന് കൈമാറിയത്. നടപ്പന്തൽ, വടക്കേനട, ഫ്ളൈഓവർ, മാളികപ്പുറം തിരുമുറ്റം എന്നിവിടങ്ങളിലാണ് ബിന്നുകൾ സ്ഥാപിക്കുക.

ശബരിമല സന്നിധാനം, നിലയ്ക്കൽ, പമ്പ, എരുമേലി എന്നിവിടങ്ങൾ ശുചിയായി സൂക്ഷിക്കുക, പരിസ്ഥിതിക്ക് കോട്ടംവരാതെ സുരക്ഷിതവും സുഗമവുമായി തീർഥാടനം നടത്തുക എന്നി ലക്ഷ്യത്തോടെ 2011 ൽ ആരംഭിച്ചതാണ് 'പുണ്യം പൂങ്കാവനം' പദ്ധതി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ, ഡ്യൂട്ടി മജിസ്ട്രേറ്റ് എം ടി അനിൽകുമാർ ,ദേവസ്വം ചീഫ് എഞ്ചിനിയർ അജിത് കുമാർ, പുണ്യം പൂങ്കാവനം പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി-294)

.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.